# SAVE OUR RICE

## MEDIA DOSSIER
## April 2013- September 2013

**Save Our Rice -Media Dossier April 2013- September 2013**

**Anishida G.V**
**Documentation Assistant**
**Save Our Rice Campaign**

Published by -
**Save Our Rice Campaign**

**CREATE** ,2/84,Melachatram Street,Paramakudi,
Tamilnadu,India-623707

Campaign Office:
**Thanal**
OD-3, Jawaharnagar Kawdiar
Thiruvananthapuram-695003
Kerala,India.
www.indianricecampaign.org
Phone: 0471 2727150

# Introduction

Save Our Rice Campaign aims to build a movement towards achieving food security and sovereignty, reviving rice culture and sustaining rice ecosytems. Save Our Rice attempts to sustain rice by creating linkage between different sectors, developing capacities to address local/ regional concerns, building alternatives models for sustainable ecological rice cultivation and developing a platform of people with rice culture as a common concern. The campaign was launched in 2004 in the Second International Year of Rice in Kumbalangi, Kerala. The Campaign is coordinated by Thanal and CREATE. The campaign is active in four states - Tamilnadu, Kerala, Karnataka and West Bengal, where it is coordinated by partnes in those States. The major campaign objectives are

- Conserving Rice Ecosystems
- Sustaining Rice Culture and Diversity
- Protecting Traditional Wisdom
- Preventing GMOs and Toxics
- Ensuring Safe and Nutritious Food

This dossier is a collection of media reports from April 2013 to September 2013 related to work done in four states, by Save Our Rice Campaign



*Visitors at a Rice mela*

# Return of the Desi Rice

**Seema G Prasad**

Sahaja Samrudha, an organic farmers' collective began a decade ago as a farmer initiated group to exchange ideas, seeds and knowledge on sustainable agriculture. From its modest beginning, it has grown today into a vibrant organization spearheading a thriving movement for the regeneration of Indian agriculture system through the revival of indigenous seeds.

It was a hectic day, after two consecutive days of talking continuously during the rice mela, our voices were strained and none of us had any energy left to speak. By the second day the different varieties of rice, sold by farmers themselves, were out of stock. The mela had one more day to go. Many buyers were returning very disappointed, with empty bags, without getting even a kilogram of rice, curiously looking at the nearly 100 varieties of rice on display, the rice information posters, leaflets and talking with farmers.

## Organic is life

Sahaja Samrudha an organic farmers' collective has been organising melas to help spread awareness on traditional rice varieties and create a platform for sharing seeds and knowledge on sustainable agriculture. Consisting of small and marginal farmers, women groups and seed savers, the collective started a decade ago. The organization has a certified group of 750 farmers and 15 farmers groups, primarily engaged in the promotion of organic farming. Along with our work in organic agriculture, we became involved with conservation of rice through the Save Our Rice Campaign, a pan-Asian people's movement, with the objective to protect traditional rice cultures and knowledge across Asia. Sahaja Samrudha leads the movement in Karnataka to revive traditional rice heritage through the on-farm conservation of rice diversity, participatory crop improvement, and the popularization of organic rice.

## Save Our Rice

Organic rice cultivation is gaining momentum in Karnataka. Many farmers have discovered that organic farming is a viable alternative

### Sahaja Organics - A farmer owned company

Sahaja Samrudha has developed a network of consumers and producers for procurement and marketing of organic food under the brand name "Sahaja Organics". Sahaja Samrudha Organic Producers Company Ltd was formed to market organic produce. The producer company is facilitating the direct procurement of produce from the farmer and supplying it to the outlets in the network. This chain has been created for the produce to reach the consumer directly and to provide a good price to the farmers.

Sahaja Organics markets a wide range of products – thirty different varieties of rice, fifteen varieties of different millets, wheat, pulses, fruits and vegetables, baby foods, processed foods like – pappads, health drink, multi grain flour, value-added products and ready to eat foods. Sahaja promotes only organic and traditional crops of rice, millets and pulses. These crops are in great demand in the urban areas due to their nutritional value and medicinal value, especially the millets and red rice.

Presently the company has 786 organic producers from different parts of the state and over 2000 farmers in 'organic conversion status'. It is supplying wide range of organic produce to 26 outlets, in major cities of south India, on a regular basis.

A major success factor of this bio-enterprise is a result of the civil society partnership that has been created. Farmers' groups, women's groups and consumer groups are working together in a like-minded organisation to revive the dying farming culture and community in South India.

to conventional farming. Many of these rare varieties are still being cultivated in remote villages for their excellent taste, special characteristics, performance (drought resistance, disease resistance, salt-tolerance), health benefits and cooking qualities. Among the medicinal rice varieties, *Karibattha, Kalame, Karikalave, Doddabaira nellu, Kari gajivili and Sannakki* are some of the prominent ones.

However, marketing traditional varieties of rice has remained a challenge, especially in the urban centers as it is not a preferred choice by urban consumers owing to the size and colour of the grain. Farmers were also reluctant to grow the traditional varieties without an assured market.

*Desi varieties of rice*



> On an average, around 4000-5000 consumers visit and around three-four lakh rupees worth of traditional rice varieties are sold during each Mela.

So we began the task of marketing different varieties of rice. We gathered indigenous knowledge associated with these traditional rice varieties and lab tested for their nutritional content. The reports established that these varieties have greater nutritional content and properties beneficial to health compared to popular polished rice varieties available in the market. We gave a wide coverage on these results through our posters, leaflets, and articles. The media coverage and melas helped spread this information and it has influenced many people to move to traditional rice.

## Rice Melas act as harbingers of change!

Rice melas were organized in different regions to create awareness among consumers about the health benefits of consuming these forgotten treasures and also a glimpse of their unique and unusual flavor. We held a series of melas in Bangalore and other cities with different themes like Organic mela, Desi rice mela, Red rice mela, Biodiversity mela and Safe food mela. Delicious recipes were prepared using these rice varieties; they were attractively displayed and were offered for tasting during melas. Through these the healthy, nutritive and forgotten food grains were reintroduced into the market.

On an average, each mela attracted around 4000-5000 consumers. Around three-four lakh rupees worth of traditional rice varieties were sold during each Mela. In 2012, annual sale of traditional rice varieties crossed 100 tonnes.

The media also played a major role in creating massive awareness and by giving coverage to the Melas and the products. Various newspapers and magazines carried special stories on red rice and the health benefits of organic rice. We collected visitor data to continue our outreach with them later.

Together with 30 other organizations including consumer and farmer groups, Sahaja Samrudha has built a movement that today includes more than 2000 rice-conservers, farmer-breeders across the country, and is associated with conserving more than 600 varieties of scented, medicinal, deepwater, saline-tolerant and dry land rice. However, this is only a beginning. Our aim is to draw many more people into the fold of healthy eating through popularizing organic food and indigenous grains. World over there is a shift towards traditional grains and foods and we will work towards bring that change in our state.

◆

**Seema G Prasad**
State Coordinator,
Save Our Rice Campaign- Karnataka,
No7, 2 cross, 7th Main, Sulthan playa,
Bangalore – 560 032
E-mail: seemaprasadg@gmail.com

The New Indian Express 7 June 2013

# Thanal's Warning against BRAI Bill

**Express News Service**

**T'Puram:** On the occasion of the World Environment Day, the city-based green organisation Thanal, which is also part of the Coalition for a GM-Free India, has issued an alert about the tabling of the dangerous and undemocratic Biotechnology Regulatory Authority of India (BRAI) Bill by the Union Government in the last session of Parliament.

"This BRAI Bill is meant primarily to promote GM (Genetically Modified) crops; if passed, it will result in a single-window clearing mechanism for the widespread introduction of GM crops to Indian farming.

Such a policy is contrary to the evidence of hazards of this technology, to common sense and prudence, and to what the UN itself has advocated, namely organic and sustainable food production and agriculture," they said in a press release here on Wednesday.

The green organisation also pointed out the instance offarmers in the US now facing their worst-ever nightmare as a result of a contamination incident where Monsanto's unapproved, herbicide tolerant (HT), Roundup Ready GM wheat was found in a wheat field in Oregon state.

The source of contamination is believed to be field trials of GM wheat.

Wheat importing partners of the US have reacted with cancellations and testing. The potential impact on wheat farmers could be very serious if the rejection escalates among importing countries.

"We therefore, urge the Union Government to stop pursuing these false solutions.

We also urge fellow citizens to make a choice and raise voice for GM-free food," the press release said.

# നിങ്ങൾ ഭക്ഷണം കഴിച്ചുവോ?

## നന്ദിപറയുക; പ്രകൃതിയോടും കർഷകരോടും

**വർത്തമാനകാല സാഹചര്യങ്ങളിൽ ആഗോളതലത്തിൽത്തന്നെ കൃഷിയുടെ നിലനിൽപ്പിനുള്ള സാദ്ധ്യതകളെക്കുറിച്ചും, പ്രാദേശികമായി അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും, എന്തുകൊണ്ട് ജൈവകൃഷി എന്നതിനെക്കുറിച്ചുമുള്ള ഒരന്വേഷണം.**

എസ്. ഉഷ, തണൽ

ഇക്കഴിഞ്ഞ 50 വർഷം കൊണ്ട് നമ്മുടെ കാർഷികരീതികളിലും ഭക്ഷണകാര്യങ്ങളിലും വന്ന മാറ്റം ശ്രദ്ധേയമാണ്. പ്രധാനമായും നാലു വിളകളെ ആശ്രയിച്ചാണ് ഇന്നത്തെ നമ്മുടെ ഭക്ഷ്യസുരക്ഷ - നെല്ല്, ഗോതമ്പ്, ചോളം, ഉരുളക്കിഴങ്ങ്. കണക്കുകൾ കാണിക്കുന്നത് നമുക്ക് ആവശ്യമുള്ളതിന്റെ രണ്ടിരട്ടിയെങ്കിലും ഭക്ഷണം ലോകത്ത് ഉത്പാദിപ്പിക്കപ്പെടുന്നു എന്നാണ്. ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമല്ല. 2012-ൽ ഏകദേശം 230 ദശലക്ഷം ടൺ അരിയും ഗോതമ്പും ഇന്ത്യ ഉത്പാദിപ്പിച്ചു. എന്നാൽ 300 ദശലക്ഷം ആളുകൾ ഇന്ത്യയിൽ പട്ടിണി കിടക്കുകയും ചെയ്യുന്നു. നമുക്കാവശ്യമുള്ള ഭക്ഷ്യ എണ്ണയുടെയും പയറിന്റെയും ഇറക്കുമതി കൂടിക്കൊണ്ടിരിക്കുന്നു. അടുത്ത കാലത്തായി സംസ്ക്കരിച്ച ഭക്ഷ്യോത്പന്നങ്ങളുടെ ഇറക്കുമതിയും അധികരിച്ചിട്ടുണ്ട്.

ഇന്ത്യ സ്വതന്ത്രയായ കാലം മുതൽ ഭരണാധികാരികൾ ശ്രദ്ധവച്ചിരുന്നൊരു കാര്യം ഭക്ഷ്യസുരക്ഷയെ പറ്റിയാണ്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. 'ഭക്ഷണം ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്ന ഒരു രാഷ്ട്രത്തിന് രാഷ്ട്രീയ സ്വാതന്ത്ര്യം ഉണ്ടായിരിക്കുക അസാദ്ധ്യം!'. അദ്ദേഹം ഭക്ഷ്യസ്വയം പര്യാപ്തതയെക്കുറിച്ചായിരുന്നു സ്വപ്നം കണ്ടിരുന്നത്. ഇന്നത്തെ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ ഇന്ത്യ യഥാർത്ഥത്തിൽ ഭക്ഷണത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിച്ചുവോ? ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ ഇന്ത്യ എവിടെ എത്തിനിൽക്കുന്നു? പട്ടിണിയുടെ മാനദണ്ഡം(Hunger Index) വച്ചു നോക്കുമ്പോൾ ലോകരാജ്യങ്ങൾക്കിടയിൽ ഇന്ത്യ വളരെ മോശപ്പെട്ട നിലയിലാണിന്ന്.

### ഉത്പാദനവർദ്ധന

ഏറെ വിവാദം സൃഷ്ടിച്ച ഹരിതവിപ്ലവം അതിന്റെ യഥാർത്ഥ രൂപത്തിൽ നടപ്പിലാക്കിയത് പഞ്ചാബ്, ഹരിയാന, പടിഞ്ഞാറൻ ഉത്തർപ്രദേശ് എന്നിവിടങ്ങളിലാണ്. അവിടെ തനതായുണ്ടായിരുന്ന വിളകളും കാർഷികരീതികളും പൂർണ്ണമായും മാറ്റിയാണ് ഈ പ്രദേശങ്ങൾ അരിയും, ഗോതമ്പും മാത്രം കൃഷി ചെയ്യുന്ന, രാജ്യത്തിന് ഭക്ഷണം നല്കുന്ന സ്ഥലങ്ങളായി മാറിയത്. പുരോഗതിയുടെ ചിഹ്നമായി അക്കാലത്ത് പരസ്യങ്ങളിൽ വന്നിരുന്നത് ട്രാക്ടറോടിക്കുന്ന പഞ്ചാബിലെ കർഷകരുടെ മുഖങ്ങളാണ്. ഇന്ന് ഈ പ്രദേശങ്ങൾ നിലനിൽപ്പിനായി കഠിനശ്രമം നടത്തുകയാണ്. രാസവളങ്ങളുടേയും, രാസകീടനാശിനികളുടെയും അവശിഷ്ങ്ങളാൽ ഈ പ്രദേശങ്ങൾ മുഴുവനും ജീവിയ്ക്കാൻ പറ്റാത്ത സ്ഥലങ്ങളായി മാറിയിരിക്കുന്നു. ഭൂഗർഭജലം ഊറ്റിയെടുത്തുള്ള കൃഷി ജലക്ഷാമത്തിനും ഇടയാക്കിയിരിക്കുന്നു. മണ്ണിന്റെ സ്വഭാവം മാറി, ഇതൊക്കെ സംഭവിക്കുമ്പോൾ ഭക്ഷണമുത്പാദിപ്പിച്ച പഞ്ചാബിലെ ഒരു കർഷകന്റെ ശരാശരി മാസവരുമാനം വെറും 3000 രൂപ മാത്രമാണ്.

ഹരിയാനയിൽ കഴിഞ്ഞ പത്തു വർഷങ്ങളായി റിയൽ എസ്റ്റേറ്റ് മാഫിയ തമ്പ ▶


ഫോട്ടോ/വി. എം. സാദിക്കലി
കൂട് • 2013
7

## കവർ സ്റ്റോറി കൃഷി എന്ന കല

ടിച്ചിരിക്കുകയാണ്. കൃഷിഭൂമിയുടെ മുന്നിലൊന്ന് റിയൽ എസ്റ്റേറ്റിനായി മാറ്റപ്പെട്ടു കഴിഞ്ഞു. ഉത്തർപ്രദേശിലെ 23,000 ഗ്രാമങ്ങൾ ഹൈവേ വികസനത്തിനായി സർക്കാർ കുടിയൊഴിപ്പിക്കുകയാണ്. ഇന്ത്യയിലെ പട്ടിണി കിടക്കുന്നവരുടെ എണ്ണം കൂടുമോ അതോ കുറയുമോ? പാർലമെന്റിൽ ചർച്ച ചെയ്യുന്ന ഭക്ഷ്യസുരക്ഷാ ബിൽ പ്രകാരം ഇന്ത്യയിലെ 70 ശതമാനത്തോളം ആളുകൾക്ക് രണ്ടു രൂപയ്ക്കും മൂന്ന് രൂപയ്ക്കുമെല്ലാം അരിയും ഗോതമ്പും നൽകുമെന്ന് സർക്കാർ പറയുന്നു. ഇത് എങ്ങനെ നടപ്പാക്കും? എവിടെ, ആര് ഇതുണ്ടാക്കും? അതോ ഇന്ത്യ വീണ്ടും അരിയും ഗോതമ്പും ഇറക്കുമതിചെയ്യേണ്ട അവസ്ഥയിലെത്തുമോ?

ഇതിനൊരു മറുപടിയെന്നോണം ഇന്ത്യയുടെ പ്ലാനിംഗ് കമ്മീഷൻ ഒരു പുതിയ പദ്ധതി മുന്നോട്ടു വച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഇതനുസരിച്ച് ഒരു രണ്ടാം ഹരിതവിപ്ലവം ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളിൽ ആരംഭിച്ചിരിക്കുന്നു. (ബീഹാറിൽ നിന്ന് കേരളത്തിന് അരി തരാമെന്ന് പ്ലാനിംഗ് കമ്മീഷൻ വൈസ് ചെയർമാൻ പറഞ്ഞത് ഓർക്കുമല്ലോ). കാലം മാറിയതുകൊണ്ടും ജനങ്ങളുടെ അറിവു വർദ്ധിച്ചതുകൊണ്ടും ഇപ്പോൾ തന്നെ പലരും ഈ പദ്ധതിയെ ചോദ്യം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിലനിൽപിന്റെ സാദ്ധ്യതകളെ പ്പറ്റിയും കർഷകനുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും ഈ സംസ്ഥാനങ്ങൾ തന്നെ ആശങ്കയിലാണ്.

### കേരളത്തിന്റെ ഭക്ഷ്യസുരക്ഷ

ഭക്ഷ്യസുരക്ഷയെപ്പറ്റി ചിന്തിക്കുമ്പോൾ ഭക്ഷ്യോത്പാദനവുമായി ബന്ധപ്പെടുത്തി ചിന്തിച്ചില്ലെങ്കിൽ എന്തു സംഭവിക്കുമെന്നതിന്റെ നല്ലൊരു ഉദാഹരണമാണ് കേരളം. ഇന്ന് കേരളം നേരിടുന്ന ഭക്ഷ്യപ്രതിസന്ധി അത്ര പെട്ടെന്നുണ്ടായതല്ല. ഭൂവിനിയോഗത്തിലും ഉത്പാദനത്തിലും വന്ന പിഴവാണ് നമ്മുടെ പട്ടിണിക്കു കാരണം.

ഇതു പറയുമ്പോൾ കേരളത്തിൽ ഒരു കാലത്തും ഭക്ഷ്യ സ്വയംപര്യാപ്തത ഉണ്ടായിരുന്നില്ല എന്നു പറയുന്നവരുണ്ട്. എന്നാൽ യാഥാർത്ഥ്യം എന്താണ്? കേരളത്തിൽ ഗോതമ്പുത്പാദിപ്പിച്ചിരുന്നില്ല. നെല്ലുത്പാദനം ഈ പ്രദേശത്തിനു മതിയായിരുന്നില്ല. അതിനാൽ നാഞ്ചിനാടിനെയും മറ്റു പ്രദേശങ്ങളെയും നമ്മൾ ആശ്രയിച്ചിരുന്നു. എന്നാൽ ഭക്ഷണമെന്നാൽ അരിയാണെന്ന സമവാക്യം രൂപീകരിക്കുന്നതിനു മുൻപ് എന്തുമാത്രം ഭക്ഷണം കേരളം ഉത്പാദിപ്പിച്ചിരുന്നു? ചക്കയും കപ്പയും മറ്റു കിഴങ്ങുകളും വിവിധ ഇലക്കറികളും എല്ലാം തന്നിരുന്ന ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ഓർമ്മ പോലും, നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കേരളത്തിന് നഷ്ടമാവുകയാണ്.

ഭക്ഷണമെന്നത് ഒരു പൊതു ഓർമ്മയുടെ ഭാഗമാണ്. ഓരോ ഭക്ഷണത്തിന്റെയും ഉത്പാദനരീതികളും മണവും രുചിയുമെല്ലാം ഒരു വ്യക്തിയുടെ മനസ്സിൽ മാത്രമല്ല ഉള്ളത്. ഒരു പ്രദേശത്തിന്റെ, സമൂഹത്തിന്റെ മനസ്സുകളിൽ നിലനിൽക്കുന്ന ഒന്നാണ് ഭക്ഷണബോധം. അത് ചുറ്റുപാടുമുള്ള പ്രകൃതിയുമായും കാലാവസ്ഥയുമായും സംസ്കാരങ്ങളുമായൊക്കെ ബന്ധപ്പെട്ടുനിൽക്കുന്ന ഒരു കാര്യം കൂടിയാണ്. അതിന്റെ തുടർച്ച അതിനാൽ ഭക്ഷ്യസുരക്ഷക്ക് അത്യാവശ്യമാണ്. പ്രത്യേകിച്ചും കാലാവസ്ഥാമാറ്റത്തിന്റെയും കാർഷിക വ്യവസായവൽക്കരണത്തിന്റെയും ഈ കാലഘട്ടത്തിൽ. കേരളത്തിൽ ഭൂരിഭാഗം സ്ഥലത്തും ഈ തുടർച്ച നഷ്ടപ്പെട്ടിരിക്കുന്നു. നമുക്ക് നഷ്ടപ്പെട്ട യഥാർത്ഥ അരിയുടെ രുചി, കപ്പയുടെ രുചി, ചക്കയും മാങ്ങയും തരുന്ന സുരക്ഷയുടെയും ആനന്ദത്തിന്റെയും രുചി ഇവയെല്ലാം തന്നെ ഭക്ഷ്യസുരക്ഷയുടെ വ്യത്യസ്ത തലങ്ങളാണ്. എന്നാൽ പുതിയ ഭക്ഷ്യസുരക്ഷാ ബില്ലും ഉത്പാദനത്തെക്കുറിച്ചോ കർഷകനെക്കുറിച്ചോ ഒന്നും പറയുന്നില്ല. ഒരു ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ ഈ ബിൽ കേരളത്തിന് അതിപ്രധാനമാണ്. ഇല്ലെങ്കിൽ വീണ്ടും കേരളം വഴുതിവീഴുക ഭക്ഷണം ഇറക്കുമതി ചെയ്യേണ്ടുന്ന/ഇരക്കേണ്ടുന്ന ഒരു അവസ്ഥയിലേക്കാണ്.

**ഓരോ ഭക്ഷണത്തിന്റെയും ഉത്പാദനരീതികളും മണവും രുചിയുമെല്ലാം ഒരു വ്യക്തിയുടെ മനസ്സിൽ മാത്രമല്ല ഉള്ളത്. ഒരു പ്രദേശത്തിന്റെ, സമൂഹത്തിന്റെ മനസ്സുകളിൽ നിലനിൽക്കുന്ന ഒന്നാണ് ഭക്ഷണബോധം.**

### മാറ്റത്തിന്റെ വഴി

കേരളത്തിലെ ക്ഷയിച്ചുകൊണ്ടിരിക്കുന്ന കാർഷികമേഖലയെ പുഷ്ടിപ്പെടുത്താൻ ഒരു വഴിയേയുള്ളൂ, അത് ജൈവകൃഷിയുടെ വഴിയാണ്. മൂന്നു കാരണങ്ങളാണ് ഇതിനടിസ്ഥാനം. ഒന്ന് - ജൈവകൃഷിയിലൂടെ പ്രകൃതിസുരക്ഷ ഉറപ്പാക്കാൻ കഴിയുന്നു. രണ്ട് - കർഷകന്റെ അന്തസ്സ് കൂടുന്നു. മൂന്ന് - കൃഷി സാമ്പത്തികമായി നന്നാകുന്നു. ഇത് വിശദമാക്കാം. കേരളത്തിലെ ജൈവ കർഷകരെ മാറ്റി നിറുത്തിയാൽ മറ്റു കർഷകരെല്ലാം തന്നെ വിത്തും വളവും കീടനാശിനികളും മാർക്കറ്റിൽ നിന്നു വാങ്ങി കൃഷി ചെയ്യുന്നവരാണ്. സാമ്പത്തികമൂല്യമുള്ള ഒന്നോ രണ്ടോ വിളകൾ മാത്രം കൃഷി ചെയ്യുന്നവരുമാണ്. തുടർച്ചയായ വളപ്രയോഗവും രാസകീടനാശിനികളുടെ ഉപയോഗവും മൂലം മണ്ണും, കൃഷിക്കാധാരമായ ജൈവവൈവിധ്യവും ഏറെക്കുറെ നശിച്ചു കഴിഞ്ഞു. വെള്ളവും മണ്ണും ഇതുകാരണം മലിനമായതായി പഠനങ്ങൾ തന്നെ പറയുന്നു. മണ്ണിന്റെ ഉത്പാദനക്ഷമത കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇതുമൂലം കർഷകന് സാമ്പത്തികമായി നഷ്ടമുണ്ടാകുന്നു.

ആധുനിക കൃഷി ചെയ്യുന്ന കർഷകർ വല്ലാത്തൊരു അടിമത്തത്തിലേക്കാണ് വീണിരിക്കുന്നത്. എല്ലാ കാര്യങ്ങൾക്കും പരാശ്രയരായിത്തീർന്നിരിക്കുന്ന ഇവരുടെ നില ദയനീയമാണ്. സർക്കാരിന്റെ സബ്സിഡിയില്ലെങ്കിലോ മാർക്കറ്റ് കനിഞ്ഞില്ലെങ്കിലോ ഇവർക്ക് നിലനിൽപ്പില്ല. ഇത് അവരുടെ അഭിമാനത്തെത്തന്നെ ചോദ്യം ചെയ്യുന്ന കാര്യമാണ്. അന്തസ്സില്ലാത്ത, വരുമാനമില്ലാത്ത പ്രവർത്തി ചെയ്യാൻ ആർക്കാണ് താൽപര്യമുണ്ടാവുക? എന്നാൽ ജൈവകൃഷിയിലേക്ക് തിരിയുന്ന കർഷകർ പ്രകടിപ്പിക്കുന്ന ആത്മവിശ്വാസവും താൽപര്യവും കൂടുതലാളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതായി കാണാൻ സാധിക്കും. ഒരുപാട് വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ജൈവകൃഷിയിലേക്കെത്തുന്നത് അവരുടെ ഉള്ളിലുള്ള നന്മയുടെ മാത്രമല്ല അഭിമാനത്തിന്റെ തുടിപ്പു കൊണ്ടുകൂടിയാണ്.

മൂന്നാമതായി, ഇന്നത്തെ വളർന്നുകൊണ്ടിരിക്കുന്ന ജൈവമാർക്കറ്റ്, കർ

ഫോട്ടോ/ഹരികൃഷ്ണൻ



ഷകർക്ക് പ്രതീക്ഷ നൽകുന്ന ഒന്നാണ്. അദ്ധ്വാനിക്കാൻ തയ്യാറായ ഒരു ജൈവകർഷകന്റെ അടുത്തേക്ക് ഉപഭോക്താക്കളോ, ചെറുകിട ജൈവസംരംഭകരോ എത്തിക്കൊണ്ടിരിക്കുകയാണ്. നല്ല വില നൽകി ഇവരുടെ കാർഷികോത്പന്നങ്ങൾ വാങ്ങാൻ ഒരു വിഭാഗം ഉപഭോക്താക്കൾ തയ്യാറാകുന്നുണ്ട്. ഇത് ജൈവകർഷകർക്ക് സാമ്പത്തികഭദ്രതയും ഉറപ്പാക്കും. കേരളത്തിന്റെ സാഹചര്യത്തിൽ സംസ്ഥാനത്തൊട്ടാകെ പരന്നു കിടക്കുന്ന ഓരോ ചെറിയ ടൗണിലും ഓരോ ജൈവചന്ത ആരംഭിക്കാവുന്നതേയുള്ളൂ. ചുറ്റുപാടുമുള്ള കർഷകരെ സഹായിക്കാൻ ഏറ്റവും നല്ല വഴി ഇതാണ്. ഈ കാലഘട്ടത്തിന് അനുയോജ്യമായ വഴിയും ഇതാണ്. ലോകത്ത് പൊതുവിൽ നടക്കുന്നൊരു ചർച്ച, എങ്ങനെ ഭക്ഷണത്തിന്റെ സഞ്ചാരം കുറയ്ക്കാം എന്നാണ്. പ്രാദേശിക ഉത്പാദനവും പ്രാദേശിക മാർക്കറ്റുകളും ശക്തിപ്പെടുത്തണമെന്നാണ് വിദഗ്ധർ പറയുന്നത്. കേരളത്തിന്റെ സാഹചര്യങ്ങൾ ഈയൊരു മാറ്റത്തിന് വളരെ അനുകൂലമാണ്. ഉയർന്ന സാക്ഷരത, കീടനാശിനികളെക്കുറിച്ചുള്ള അവബോധം, ജനങ്ങൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ, ഭക്ഷ്യോത്പാദനത്തിന്റെ കുറവ് ഇവയെല്ലാം തന്നെ ഈ സുപ്രധാന മാറ്റത്തിന് സഹായകരമാണ്.

### ഭക്ഷ്യപരമാധികാരത്തിലേക്ക്

കേരളത്തിന് ഭക്ഷ്യസുരക്ഷയുണ്ടോ എന്ന ചോദ്യത്തിന് ഉണ്ടെന്നും ഇല്ലെന്നും പറയാം. നമ്മുടെ മാർക്കറ്റുകൾ മുഴുവൻ ഭക്ഷണസാധനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നതു കാണുമ്പോൾ ഭക്ഷ്യക്ഷാമം എന്ന സംഗതി ഒരു ചരിത്രമായി മാറിയെന്നും തോന്നാം. എന്നാൽ എത്രപേർക്ക് ഈ പൊതു മാർക്കറ്റിൽ നിന്ന് അവനവന്റെ കുടുംബത്തിന് ആവശ്യമുള്ളത്ര ഭക്ഷണസാധനങ്ങൾ വാങ്ങാൻ സാധിക്കുന്നുണ്ടെന്ന് ചോദിച്ചാൽ അതിന് പെട്ടെന്ന് ഉത്തരം കണ്ടെത്താൻ കഴിയില്ല. പ്രത്യേകിച്ചും 2008-നു ശേഷം ഭക്ഷണസാധനങ്ങളുടെ വില കുത്തനെ ഉയരുന്ന സാഹചര്യത്തിൽ. വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരവും പ്രശ്നമാണ്. മാരക കീടനാശിനികളുടെ അവശിഷ്ടം തൊട്ട് പല കലർപ്പുകളാലും മാർക്കറ്റിൽ കിട്ടുന്ന ഭക്ഷണസാധനങ്ങൾ മുഴുവനുംതന്നെ നമ്മുടെ ആരോഗ്യത്തെ തകരാറിലാക്കുന്നവയാണ്. സർക്കാർ സബ്സിഡിയോടെ നടത്തുന്ന സ്ഥാപനങ്ങളിൽ നിന്നാണെങ്കിൽപ്പോലും ആവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ കഴിയാത്തവരുണ്ട്. റേഷൻ കടകളിലും ഏറെ അനിശ്ചിതത്വം നിലനിൽക്കുന്നു. പരിമിതമായ സാധനങ്ങളേ ഇവിടെ നിന്ന് ലഭിക്കുകയുള്ളൂ.

ഇതെല്ലാം കാണിക്കുന്നത് കേരളത്തിന് യഥാർത്ഥ ഭക്ഷ്യ സുരക്ഷയില്ല എന്നുതന്നെയാണ്. ആവശ്യമുള്ളതിന്റെ 10-15 ശതമാനം മാത്രം ഉത്പാദിപ്പിക്കുന്ന ഒരു സംസ്ഥാനത്തിന് തെരഞ്ഞെടുക്കാനുള്ള അവസരം കുറവായിരിക്കും. അടുത്ത



ഫോട്ടോ/നൗഫൽ പതരി

**പുതിയ പഠനങ്ങൾ പറയുന്നത് ചെറുകിട കൃഷിയിടങ്ങളാണ് കൂടുതൽ ഉത്പാദനക്ഷമം എന്നാണ്. അഞ്ചു സെന്റിൽ നിന്ന് നാലു പേരടങ്ങുന്ന കുടുംബത്തിനു വേണ്ട പച്ചക്കറി വർഷം മുഴുവൻ ഉത്പാദിപ്പിക്കാൻ കഴിയും.**

കാലത്ത് നടന്നൊരു പഠനം കാണിച്ചത് തമിഴ്നാട്ടിൽ നിന്നു വരുന്ന പച്ചക്കറികളിൽ കേരളത്തിൽ ഉണ്ടാക്കുന്ന പച്ചക്കറികളേക്കാൾ വളരെ കൂടുതൽ കീടനാശിനി അവശിഷ്ടം ഉണ്ട് എന്നാണ്. ഇത് തെളിയിക്കുന്നത് നമ്മുടെ തൊട്ടടുത്ത് വിളയുന്ന ഭക്ഷ്യവിഭവങ്ങളെ മാത്രമേ നമുക്ക് വിശ്വസിക്കാൻ കഴിയൂ എന്നാണ്. ഇതിലൂടെ മാത്രമേ ഭക്ഷ്യപരമാധികാരം നമുക്ക് ഉറപ്പാക്കാനാകൂ. ഇതുണ്ടെങ്കിൽ മാത്രമേ യഥാർത്ഥ ഭക്ഷ്യസുരക്ഷ ഒരു പ്രദേശത്തിനു ലഭിക്കൂ. കൃഷി ചെയ്യാനും നിലനിൽക്കാനും വേണ്ട സംവിധാനങ്ങൾ ഒരുക്കിയാൽ മാത്രമേ ഈ അവസ്ഥ സംജാതമാകൂ. ഇത് ഒരുക്കുന്നതിൽ സർക്കാരിനു മാത്രമല്ല സംഘടനകൾക്കും, വിദേശമലയാളികൾക്കും, സ്ഥാപനങ്ങൾക്കുമെല്ലാം വലിയ ഉത്തരവാദിത്വമുണ്ട്.

യഥാർത്ഥ ഭക്ഷ്യസുരക്ഷ ലഭിക്കണമെങ്കിൽ നമുക്കു വേണ്ട ഭക്ഷണം അതാതുകാലത്ത് ഉത്പാദിപ്പിക്കാൻ കഴിയണം. കേരളം പോലെ ഇത്ര മഴയും സൂര്യപ്രകാശവും ജൈവവൈവിധ്യവും ഉള്ള ഒരു പ്രദേശത്തിന് ഇത് സാധിച്ചെടുക്കാവുന്നതേയുള്ളൂ. പുതിയ പഠനങ്ങൾ പറയുന്നത് ചെറുകിട കൃഷിയിടങ്ങളാണ് കൂടുതൽ ഉത്പാദനക്ഷമം എന്നാണ്. അഞ്ചു സെന്റിൽ നിന്ന് നാലു പേരടങ്ങുന്ന കുടുംബത്തിനു വേണ്ട പച്ചക്കറി വർഷം മുഴുവൻ ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് തിരുവനന്തപുരം ജില്ലയിലെ ഒരു കർഷകൻ കാണിച്ചു തന്നത് ഓർത്തുപോകുകയാണ്.

### എന്തുകൊണ്ട് ജൈവകൃഷി?

1978-ൽ പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിന്റെ പേര് 'എണ്ണ തിന്നുന്നു' എന്നായിരുന്നു. 1973-ൽ ലോകത്തുണ്ടായ എണ്ണ പ്രതിസന്ധിയെ തുടർന്ന് നടന്ന പഠനമാണ് ഈ പുസ്തകത്തിന് ആധാരമായത്. നമ്മുടെ ആഹാരവ്യവസ്ഥ എത്രമാത്രം പെട്രോളിനെ ആശ്രയിച്ചിരിക്കുന്നു എന്നാണ് ഇതിൽ പ്രതിപാദിച്ചിരുന്നത്, പ്രത്യേകിച്ചും വികസിത രാജ്യങ്ങളിൽ. 2000 ആയപ്പോഴേക്കും ഈ ആശ്രിതത്വം ലോകത്ത് മുഴുവനുമായി. 1978-ൽ നിന്ന് നമ്മൾ ഒരു പാഠവും ഉൾക്കൊണ്ടില്ല എന്നർത്ഥം. ഇന്ന് ലോകത്തുള്ള ആഹാരവ്യവസ്ഥ (തീരെ അവികസിത പ്രദേശങ്ങളൊഴികെ) പൂർണ്ണമായും പെട്രോളിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. തീർത്തും പുനർനിർമ്മിക്കാൻ കഴിയാത്ത ഒരു വിഭവത്തെ ആശ്രയിച്ച് എഴുന്നൂറു കോടി ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ക്രമീകരിച്ചിരിക്കുന്നതിനെക്കുറിച്ച് ഒന്നാലോചിച്ച് നോക്കുക.

ഇതിന് മറ്റൊരുവശം കൂടിയുണ്ട്. ഇന്നു നമ്മൾ നേരിടുന്ന വലിയൊരു പ്രതിസന്ധി കാലാവസ്ഥാ വ്യതിയാനമാണ്. ഭൂമിയുടെ ചൂട് കൂടുന്നു. ഇതെങ്ങനെ സംഭവിച്ചുവെന്ന് ഏറെക്കുറെ എല്ലാവർക്കുമറിയാം. എന്നാൽ ഇതിലേറ്റവും പ്രധാനം കാലാവസ്ഥാ മാറ്റത്തിൽ കൃഷിയുടെ പങ്ക് എന്തെന്ന് അറിയുകയാണ്. ഇന്ന് കൃഷിയിലെ പ്രധാന ഘടകങ്ങളായ രാസവള-കീടനാശിനി നിർമ്മാണം പെട്രോളിനെയും പ്രകൃതിവാതകത്തെയും ആശ്രയിച്ചിരിക്കുന്നു. അതുപോലെ ജലസേചനം, നടീൽ, കൊയ്ത്ത്, ഭക്ഷ്യസംസ്ക്കരണം, വിതരണം, പാക്കേജിംഗ് ഇവക്കെല്ലാം തന്നെ പെട്രോൾ കൂടിയേ തീരൂ എന്ന അവസ്ഥയാണ്. ഇത്തരത്തിൽ പെട്രോളിയം ധാരാളമായി ഉപയോഗിക്കുന്ന ഇന്നത്തെ കൃഷി സ്വാഭാവികമായും ഹരിതഗൃഹവാതകങ്ങൾ പുറത്തുവിടുന്നതിന് കാരണമാകുന്നു. ഏകദേശം 25 ശതമാനത്തോളം ഹരിതഗൃഹവാതകങ്ങൾ കൃഷിയിൽ നിന്നു പുറത്തു വരുന്നു എന്നാണ് കണക്ക്. മറുവശത്ത് ഇതുമൂലമുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം കൃഷിക്ക് വലിയ തിരിച്ചടി ഉണ്ടാക്കുകയും ചെയ്യുന്നു. പരിസ്ഥിതിനാശം, ജലദൗർലഭ്യം, വെള്ളപ്പൊക്കം, മണ്ണൊലിപ്പ്, കീട-



ഫോട്ടോ/ഹരികൃഷ്ണൻ

രോഗാക്രമണം തുടങ്ങിയ പ്രശ്നങ്ങൾ നമ്മുടെ ഭക്ഷ്യരക്ഷയ്ക്കിന്നൊരു ഭീഷണിയാണ്. പാരിസ്ഥിതിക തകർച്ചയും പെട്രോളിന്റെ ലഭ്യതക്കുറവും ഒത്തുചേർന്ന് ഭാവിയിൽ ഒരു വലിയ ഭക്ഷ്യപ്രതിസന്ധി തന്നെ സംജാതമായേക്കാം. ഇതിനൊരു പരിഹാരം ജൈവകൃഷി മാത്രമാണ്. പുനരുജ്ജീവന ശേഷിയുള്ള വിഭവങ്ങളിന്മേലുള്ള ആശ്രിതത്വമാണ്.

**വിത്തിൻമേലുള്ള പരമാധികാരം**

ഒരു പ്രദേശത്തിന്റെ കൃഷി അടിമുടി മാറ്റപ്പെടുമ്പോൾ വിത്തുകൾക്കും നാശമുണ്ടാകുന്നു. കർഷകരുടെ കൈകളിലൂടെ, തലമുറകളിലൂടെ സംരക്ഷിക്കപ്പെട്ടു വന്ന വിത്തിന്റെ നാശം ഒരു ദേശത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാക്കിയേക്കാം. കഴിഞ്ഞ കുറേ വർഷങ്ങളായി ഇന്ത്യയിൽ നടക്കുന്ന കർഷക ആത്മഹത്യകൾ പരിശോധിച്ചാൽ വിത്തിന്മേൽ കർഷകന്റെ നിയന്ത്രണം നഷ്ടപ്പെട്ടതിന്റെ ഒരു ചിത്രം കാണാൻ കഴിയും. വിത്തുകൾ കയ്യിലുള്ള കർഷകൻ നിരാശയിലേക്ക് വീഴാറില്ലെന്ന് ചരിത്രം പറയുന്നു.

ഇതു പറയുമ്പോൾ കേരളത്തിന്റെ അവസ്ഥ, പ്രത്യേകിച്ചും ഭക്ഷ്യവിളകളുടെ വിത്തുകളെ സംബന്ധിച്ചിടത്തോളം വളരെ ദയനീയമാണെന്ന് കൂടി പറയേണ്ടി വരും. ഹരിതവിപ്ലവം ഉണ്ടാക്കിയ പാരിസ്ഥിതിക ദുരന്തത്തിൽ ഏറ്റവും പ്രധാനം വിത്തുകളുടെ നാശമാണ്. ഒരു ലക്ഷത്തോളമുണ്ടായിരുന്ന നാടൻ നെൽവിത്തുകൾ ഇന്ന് നാമമാത്രമായി ചുരുങ്ങിയത് കണ്ടില്ലെന്ന് നടിക്കാനാ

**കേരളത്തിൽതന്നെ മൂവായിരത്തിലധികമുണ്ടായിരുന്ന നെൽവിത്തുകളിൽ ഇന്ന് കണ്ടെത്താൻ കഴിയുന്നത് നൂറോളം എണ്ണമാണ്. ഈ നാശം കൃഷിയുടെ മാത്രമല്ല കർഷകന്റെയും നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്നു.**

കില്ല. കേരളത്തിൽതന്നെ മൂവായിരത്തിലധികമുണ്ടായിരുന്ന നെൽവിത്തുകളിൽ ഇന്ന് കണ്ടെത്താൻ കഴിയുന്നത് കഷ്ടിച്ച് നൂറോളം എണ്ണമാണ്. ഇത് കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ഏഷ്യയിൽ തന്നെയും കാർഷിക വൈവിധ്യത്തിനേൽപ്പിച്ച ആഘാതം പഠനവിഷമാക്കേണ്ടതാണ്. ഈ നാശം കൃഷിയുടെ മാത്രമല്ല കർഷകന്റെയും നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്നു.

ആഗോളവൽക്കരണകാലത്ത് വിത്തുകളുടെ നാശത്തിന്റെ വേഗതയും വർദ്ധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ സംഭവിച്ചതിനേക്കാൾ കഠിനമാണ് ആധുനിക കാലത്തെ നാശത്തിന്റെ രീതികൾ. കാർഷിക-രാസവ്യവസായികളാണ് ഇതിനു ചുക്കാൻ പിടിക്കുന്നത്. ഒരു ഉദാഹരണം മാത്രം പറയാം. പരുത്തി കർഷകർ എല്ലാക്കാലത്തും അധികാരവടംവലിയിൽ കഷ്ടപ്പെട്ടിട്ടുള്ളവരാണ്. ഇന്ത്യയിലെ പരുത്തി കർഷകരുടെ കയ്യിൽ ഒരു കാലത്ത് അയ്യായിരത്തിലധികം പരുത്തി വിത്തിനങ്ങളുണ്ടായിരുന്നു. തൊണ്ണൂറുകളിൽ ഹൈബ്രിഡ് വിത്തുകളുടെ വരവോടെ ഇവ അപ്രത്യക്ഷമാകാൻ തുടങ്ങി. 1998 മുതൽ അനധികൃതമായും 2002 മുതൽ സർക്കാരിന്റെ അനുമതിയോടെയും ജനിതകമാറ്റം വരുത്തിയ ബി.ടി പരുത്തിക്കൃഷി വ്യാപിപ്പിക്കാൻ അമേരിക്കൻ കമ്പനിയായ മൊൺസാന്റോയും ഇന്ത്യൻ കമ്പനിയായ മഹികോയും ഒത്തു ചേർന്ന് ശ്രമമാരംഭിച്ചു. വെറും പത്തു വർഷം കൊണ്ട് പരുത്തിക്കർഷകന്റെ വിത്തിന്മേലുള്ള പരമാധികാരം നഷ്ടപ്പെട്ടു കഴിഞ്ഞു. ഇന്ന് കർഷകന് കൃഷി ചെയ്യണമെങ്കിൽ പരുത്തി വിത്തിനായി മൊൺസാന്റോ-മഹികോ കമ്പനികളെ ആശ്രയിച്ചേ പറ്റൂ. സർക്കാരിനെ സ്വാധീനിച്ച് മറ്റു പരുത്തി വിത്തുകളെല്ലാം മാർക്കറ്റിൽ നിന്നും നമ്മുടെ കാർഷികഗവേഷണ സ്ഥാപനങ്ങളിൽ നിന്നും തുടച്ചു നീക്കാൻ മൊൺസാന്റോക്ക് കഴിഞ്ഞു. ഇന്ന് ആന്ധ്ര, മഹാരാഷ്ട്ര സർക്കാരുകൾ തന്നെ ഈ അവസ്ഥയിൽ വേവലാതി പൂണ്ടിരിക്കുകയാണ്. സംസ്ഥാന സർക്കാരിന് പോലും കർഷകനു വേണ്ട വിത്ത് കൊടുക്കാൻ കഴിയുന്നില്ല. ഈ ദുരവസ്ഥയിലേക്ക് മറ്റു പ്രധാന വിളകളെയും കർഷകനെയും എത്തിക്കാനുള്ള ശ്രമങ്ങൾ വിവിധ വൻകിട വിത്തു കമ്പനികൾ ആരംഭിച്ചു കഴിഞ്ഞു.

**നെൽവിത്തുകളുടെ സംരക്ഷണം**

ഇന്ത്യയുടെ നെൽവിത്തുകളെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ചത് ഡോ. റിച്ചാറിയ എന്ന ശാസ്ത്രജ്ഞനാണ്. ഇന്ത്യയിലെ നെല്ലറയായ ഛത്തീസ്ഗഡ് ഒറീസ്സാ പ്രദേശത്തായിരുന്നു അദ്ദേഹം ശ്രദ്ധ



കേന്ദ്രീകരിച്ചിരുന്നത്. പത്തൊൻപതിനായിരത്തോളം നെൽവിത്തുകളാണ് ഈ പ്രദേശത്തു നിന്നു മാത്രം അദ്ദേഹം ശേഖരിച്ചത്. ഒടുവിലത് റായ്പൂരിലെ കാർഷിക സർവകലാശാലയിലെത്തി. പത്തു വർഷം മുൻപ് ഈ വിത്തുകളുടെമേൽ അവകാശം സ്ഥാപിക്കാനായി സ്വിറ്റ്സർലന്റ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സിൻജന്റ എന്ന കമ്പനി സമ്മർദ്ദം ചെലുത്താൻ തുടങ്ങി. രസകരമായിരുന്നു ഇവരുടെ വാദം. നെല്ലിലെ ജീനുകളെക്കുറിച്ച് (പാരമ്പര്യസ്വഭാവം കാത്തു സൂക്ഷിക്കുന്ന കണങ്ങൾ) അവർ ഗവേഷണം നടത്തിയെന്നും അവയെ തിരിച്ചറിയുകയും ചെയ്തുവെന്നും അതിനാൽ നെല്ലിന്മേൽ അവർക്കാണ് അവകാശം എന്നുമായിരുന്നു വാദം. കൂടാതെ ഇതിനകം ജനിതക പരിവർത്തന പ്രക്രിയയിലൂടെ അവർ പുതിയ നെൽവിത്തുകൾ ഉണ്ടാക്കാനുള്ള ഗവേഷണം തുടങ്ങുകയും ചെയ്തിരുന്നു. സുവർണ്ണനെല്ല് അഥവാ ഗോൾഡൻ റൈസ് എന്ന പേരിൽ ഒരു ജി.എം. (ജനറ്റിക്കലി മോഡിഫൈഡ് അഥവാ ജനിതകമാറ്റം വരുത്തിയ) വിത്ത് ഏഷ്യയിലെ കൃഷിയിടങ്ങളിൽ ഇറക്കാനായി കഴിഞ്ഞ പത്തു വർഷങ്ങളായി അവർ കിണഞ്ഞു പരിശ്രമിക്കുകയാണ്.

ഇക്കാലത്ത് കച്ചവടത്തിന്റെ വഴികൾ വ്യത്യസ്തമാണ്. ധാർമ്മികതയുടെ യാതൊരു അടയാളവും ബാക്കിവക്കാത്ത വൻകിട കച്ചവടക്കമ്പനികൾ സർക്കാരുകളുടെ നയങ്ങളെ തിരുത്തിക്കൊണ്ടാണ് മുന്നേറുന്നത്. ഉത്പന്നത്തിന്റെ ഗുണത്തിലൂടെ മാർക്കറ്റ് പിടിച്ചടക്കുന്ന പഴയ തന്ത്രങ്ങൾ മാറിക്കഴിഞ്ഞു.

2004-ൽ ലോകഭക്ഷ്യസംഘടനയെത്തന്നെ കൂട്ടുപിടിച്ച് സിൻജന്റ എന്ന ബഹുരാഷ്ട്ര കമ്പനി രണ്ടാം അന്താരാഷ്ട്ര നെൽവർഷം ആഘോഷിച്ചു. ഗോൾഡൻ നെല്ലിനെക്കുറിച്ചു പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഏഷ്യയിലെ കർഷകർ ഈ പരിപാടിയിൽ ക്ഷണിതാക്കൾ പോലുമായിരുന്നില്ല. ഇതിനെതിരെ ഏഷ്യയിലെ കർഷകർ ശക്തമായി തന്നെ പ്രതികരിച്ചു. ഫിലിപ്പീൻസിലെയും ബംഗ്ലാദേശിലെയും ഇന്ത്യയിലെയും തായ്ലന്റിലെയും കർഷകരും വിവിധ സംഘടനകളും ചേർന്ന് നെല്ല് തങ്ങളുടെ ജീവനാണെന്നും അത് ഏഷ്യയുടെ പൈതൃകമാണെന്നും പ്രഖ്യാപിച്ചു. ഇന്ത്യയിൽ ഒരു ശില്പശാല സംഘടിപ്പിക്കാൻ തണൽ മുൻകയ്യെടുക്കുകയും ഒരുപാടാളുകൾ അതുമായി സഹകരിക്കുകയും ചെയ്തു. കൊച്ചിയിലെ കുമ്പളങ്ങിയിൽ വച്ചായിരുന്നു ഈ ശില്പശാല നടന്നത്. പത്തോളം സംസ്ഥാനങ്ങളിൽ നിന്നായി കർഷകരും വിത്ത് സംരക്ഷകരും വിദഗ്ധരും പങ്കെടുത്ത ഈ ശില്പശാല ഇന്ത്യയിലെ പാരമ്പര്യവിത്തിനങ്ങൾ സംരക്ഷിക്കുമെന്നും നെൽകൃഷി പ്രകൃതിസൗഹൃദപരമാക്കുമെന്നും പ്രഖ്യാപിച്ചുകൊണ്ടാണ് പിരിഞ്ഞത്. 'നമ്മുടെ നെൽകൃഷി നമുക്കു തന്നെ സംരക്ഷിക്കാം' എന്നു പ്രഖ്യാപിച്ചുകൊണ്ട് അന്നാരംഭിച്ച സേവ് അവർ റൈസ് ക്യാംപെയ്ൻ ഇന്ന് അഞ്ചോളം സംസ്ഥാനങ്ങളിൽ ശക്തമാണ്. ഇതിന്റെ ഭാഗമായി കേരളത്തിലടക്കം എണ്ണൂറോളം നെൽവിത്തുകൾ സംരക്ഷിക്കപ്പെട്ടു വരുന്നു.

**ആയിരക്കണക്കിന് കർഷകർ, പ്രത്യേകിച്ചും ചെറുപ്പക്കാർ ജൈവകൃഷിയിലേക്ക് വന്നുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനം കൂടിയാണ് കേരളം. കേരളത്തിന്റെ ഭാവിസുരക്ഷ ഈ കർഷകരുടെ കൈകളിലാണുള്ളത്.**

ഇതുപോലെ ദേശീയതലത്തിൽ മറ്റൊരു കൂട്ടായ്മയും രൂപപ്പെട്ടു വന്നിട്ടുണ്ട്. ഭക്ഷ്യസുരക്ഷയുടെ പേരിൽ നെല്ലും ഗോതമ്പും പ്രോത്സാഹിപ്പിക്കപ്പെട്ടപ്പോൾ പുറംതള്ളപ്പെട്ട ചെറുധാന്യങ്ങളെ സംരക്ഷിക്കാനായി വളർന്നുവന്ന ഈ കൂട്ടായ്മ ഇന്ത്യയിലെ വരണ്ട പ്രദേശങ്ങളിൽ ഇന്ന് സജീവമാണ്. ഈ കൂട്ടായ്മക്ക് സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ ബില്ലിനെ അല്പമെങ്കിലും സ്വാധീനിക്കാനായി എന്നത് ശ്രദ്ധേയമാണ്. ഇനി മുതൽ റേഷൻകടകളിലൂടെ അരിയും ഗോതമ്പും മാത്രമല്ല റാഗിയും പാവപ്പെട്ടവർക്ക് ലഭിക്കും.

## കാർഷിക വികസനത്തിന് അഗ്രോ ഇക്കോളജി

2010-ലും 2011-ലും അന്താരാഷ്ട്ര തലത്തിൽ രണ്ടു റിപ്പോർട്ടുകൾ പുറത്തിറങ്ങി. നാന്നൂറോളം ശാസ്ത്രജ്ഞർ അഞ്ചു വർഷം തുടർച്ചയായി ലോകത്തിലെ കാർഷിക മേഖലയെക്കുറിച്ച് നടത്തിയ പഠനത്തിൽ നിന്ന് അവരെത്തിച്ചേർന്നത്, കാലങ്ങളായി കാർഷിക പരിസ്ഥിതിയെക്കുറിച്ച് പഠിക്കുകയും പരീക്ഷണം നടത്തുകയും ചെയ്ത 'ആധുനിക ജൈവകൃഷി വിദഗ്ധർ' പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളിലേക്കുതന്നെയാണ്. ആൽബർട്ട് ഹൊവാർഡ്, മസനോബു ഫുക്കുവോക്ക, ബിൽ മോളിസൺ, ഭാസ്കർ സാവെ, നമ്മാൾവർ, സുഭാഷ് പലേക്കർ, വന്ദനശിവ തുടങ്ങിയ പ്രഗത്ഭരായ വ്യക്തികൾ മുമ്പോട്ടുവച്ച വിവിധ ആശയങ്ങളെ ഊട്ടിയുറപ്പിക്കുന്നതാണീ റിപ്പോർട്ട്. മണ്ണിനെയും വിത്തുകളെയും നന്നാക്കുന്ന, വെള്ളവും ഊർജ്ജവും കാര്യക്ഷമമായി ഉപയോഗിക്കുന്ന, കർഷകരുടെ ആത്മവിശ്വാസവും വരുമാനവും വർദ്ധിപ്പിക്കുന്ന ജൈവ കാർഷിക രീതികൾ ഭക്ഷ്യ ഉത്പാദനത്തെ രണ്ടോ മൂന്നോ ഇരട്ടി വർദ്ധിപ്പിക്കുമെന്നായിരുന്നു അവരുടെ കണ്ടെത്തൽ. കാർഷികവ്യവസായ മുതലാളിമാർക്ക് ഈ അഭിപ്രായത്തോട് യോജിപ്പില്ലെങ്കിലും ഐക്യരാഷ്ട്രസഭ ഈ റിപ്പോർട്ട് അംഗീകരിക്കുകയും ലോകരാജ്യങ്ങൾ ഇത് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

അതുപോലെതന്നെ സുപ്രധാനമായൊരു റിപ്പോർട്ടാണ് ലോകഭക്ഷ്യ സംഘടനയിലെ ഭക്ഷ്യാവകാശ കമ്മീഷണറായ ഡോ. ഒലിവർ ഡീ ഷൂട്ടർ 2011-ൽ സമർപ്പിച്ചത്. ഏഷ്യൻ-ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ നടക്കുന്ന വ്യത്യസ്ത തരം (സർക്കാർ-സർക്കാരിതര) കാർഷിക പദ്ധതികൾ പരിശോധിച്ചതിനു ശേഷമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. ചുരുക്കത്തിൽ അദ്ദേഹം പറയുന്നത് അഗ്രോ ഇക്കോളജി അഥവാ കാർഷിക പരിസ്ഥിതി സമീപനത്തിലൂടെ മാത്രമേ സുസ്ഥിരതയും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാനാവൂ. ഇതിനായി കർഷകരും കാർഷിക ശാസ്ത്രജ്ഞരും പരിസ്ഥിതി ശാസ്ത്രജ്ഞരും ഒരുമിച്ച് പ്രവർത്തിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. വികസ്വര-അവികസിത രാജ്യങ്ങളുടെ കാർഷിക നയങ്ങൾ ഈ സമീപനത്തിലേക്ക് മാറണം എന്നാണ് ഒലിവർ ഡി ഷൂട്ടർ പറയുന്നത്. പല സർക്കാരുകളും അദ്ദേഹത്തെ തങ്ങളുടെ കാർഷിക നയരൂപീകരണത്തിൽ സഹായിക്കാനായി ക്ഷണിക്കുമ്പോഴും ഇന്ത്യയിലെ കൃഷി മന്ത്രാലയത്തിനോ കാർഷിക ആസൂത്രണ വിദഗ്ധർക്കോ ഈ റിപ്പോർട്ടിന്റെ പ്രാധാന്യം മനസ്സിലായിട്ടില്ല.

ഔദ്യോഗികമായി ഒരു ജൈവകൃഷി നയം സ്വീകരിക്കപ്പെട്ട സംസ്ഥാനമാണ് കേരളം. ആയിരക്കണക്കിന് കർഷകർ, പ്രത്യേകിച്ചും ചെറുപ്പക്കാർ ജൈവകൃഷിയിലേക്ക് വന്നുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനം കൂടിയാണ് നമ്മുടേത്. കേരളത്തിന്റെ ഭാവിസുരക്ഷ ഈ കർഷകരുടെ കൈകളിലാണുള്ളത്. ●



**Article by S Usha in Magazine Koodu about food sovereignty**

எல்லுச்சாமி கார்த்திக்

# அடடே!



தன் மகளின் திருமணத்திற்கு வந்த விவசாயிகளுக்கு, தாம்பூலப் பையில் விதை நெல்லை போட்டுக் கொடுத்து அசத்தி இருக்கிறார் ஒரு விவசாயி

தேங்காய், பழம், குங்குமச் சிமிழ் என்று திருமண தாம்பூலப் பையில் போட்டுக் கொடுப்பதைப் பார்த்திருக்கிறோம். ஆனால், மிகவும் வித்தியாசமாக திருவாரூர் - திருக்குவளையைச் சேர்ந்த இலட்சுமணன் என்ற விவசாயி, அண்மையில் நடைபெற்ற தன மகளின் திருமண விழாவிற்கு வந்திருந்த விவசாயிகளுக்கு தாம்பூலமாக விதை நெல் வழங்கி அசத்தியிருக்கிறார்.

இதுபற்றி இலட்சுமணன் கூறும்போது "நமது நெல்லைக் காப்போம்" என்ற இயக்கத்தின் சார்பில் நடத்தப்பட்ட விவசாயிகள் விழிப்புணர்வுக் கூட்டத்தில் பாரம்பரிய நெல்மணிகளின் சிறப்பைப் பற்றி எடுத்துக் கூறியிருந்தனர். இக்கூட்டத்தில் நானும் பங்குபெற்றிருந்தேன்.

அதன் பின்னர் நானும் பாரம்பரிய நெல்லைப் பற்றிய விழிப்புணர்வை விவசாயிகளிடம் ஏற்படுத்த வேண்டும் என்று விரும்பினேன். வழக்கமாக ஜூன் மாதம் 12-ஆம் தேதியன்றுதான் மேட்டூர் அணையிலிருந்து, விவசாயத்துக்காக நீர் திறந்து விடுவர். அதனால் அன்று விதை நெல்லை வழங்கினால் விவசாயிகள் பயனடைவர் என்ற நோக்கத்துடன் அதே தேதியில் (12/06/13) நடைபெறவிருந்த என் மகளின் திருமண விழாவில் பங்குபெறும் விவசாயிகளுக்கு பாரம்பரிய நெல் விதைகளை தாம்பூலப் பையில் போட்டு வழங்க முடிவு செய்தேன்.

அதன்படி தாம்பூலத்திற்காக சுமார் 2,000 கிலோ பாரம்பரிய நெல் மணிகளை 22,000 ரூபாய்க்கு, 'நமது நெல்லைக் காப்போம்' இயக்கத்திடமிருந்து பெற்று, ஒவ்வொரு தாம்பூலப் பையிலும் 2 கிலோ வீதம் விதை நெல்லை பைகளில் அடைத்து, திருமண விழாவில் பங்குபெற்ற சுமார் 900 விவசாயிகளுக்கு வழங்கினேன்" என்கிறார், விவசாய இலட்சுமணன்.

"இலட்சுமணன் வழங்கியுள்ள நெல்மணிகள் அனைத்தும் எந்த விதமான இயற்கைச் சூழலையும் தாங்கி வளரக் கூடியவை. மேலும் விதைக்கும் நேரத்தில் மட்டும் மழை இருந்தால் போதும், இந்தப் பாரம்பரிய விதைகள் முளைத்து விடும். அதுமட்டுமல்லாது, ஒரு ஏக்கருக்கு ஒற்றை நாற்று நடவு முறையைப் பின்பற்றி பயிரிடுவதற்கு 2 கிலோ விதை நெல்லே போதுமானது" என்கிறார், 'நமது நெல்லைக் காப்போம்' இயக்கத்தின் மாநில ஒருங்கிணைப்பாளர் ஜெயராமன்.

இந்தத் திருமண விழாவில் சடங்குகள் அனைத்தையும் தமிழ் மொழியில் நடத்தியது குறிப்பிடத்தக்கது.

11 ஜூலை 2013 ● புதிய தலைமுறை 41

**Traditional paddy seed distributed during marriage function in Tamil Nadu**



സെയ്തിന്റെ മാവിൻത്തോട്ടം



സെയ്ത് ഘനിഖാൻ

# കൃഷിയിടത്തെ മ്യൂസിയമാക്കിയ ഒരാൾ

**600 ൽ പരം നെൽവിത്തുകളും 120 ഇനം മാവുകളും മറ്റനേകം അപൂർവ്വ കൃഷിയിനങ്ങളും സംരക്ഷിക്കുന്ന കർണ്ണാടകയിലെ അഭ്യസ്തവിദ്യനായ ചെറുപ്പക്കാരനെ കുറിച്ച്.....**

**എഡിറ്റോറിയൽ ഡെസ്ക്**

കർണ്ണാടകയിലെ മാണ്ഡ്യ ജില്ലയിൽ കിരുഗാവലു ഗ്രാമത്തിലെ 37 കാരനായ സെയ്ത് ഘനിഖാൻ പഠിച്ചത് മ്യൂസിയോളജിയും അർക്കിയോളജിയും ആണ്. ബിരുദം നേടിയ ശേഷം കുവൈറ്റിൽ ജോലി കിട്ടിയതുമാണ്. എന്നാൽ തന്റെ ജന്മം പ്രവാസത്തിനായും പണമുണ്ടാക്കാനായും പാഴാക്കിക്കളയാനുള്ളതല്ലെന്ന് സെയ്ത് തിരിച്ചറിഞ്ഞു. കുടുംബസ്വത്തായ കുറച്ച് ഭൂമിയുണ്ട്. അതിൽ എങ്ങനെ താൻ പഠിച്ച മ്യൂസിയ നിർമ്മാണം ആവിഷ്കരിക്കാം എന്ന് അയാൾ ചിന്തിച്ചു. ലൈവായ ഒരു ജൈവമ്യൂസിയം പ്രകൃതിയിൽ താൻ സെറ്റ് ചെയ്തിരിക്കുന്നു എന്ന് സെയ്ത് ഇന്ന് സാക്ഷ്യപ്പെടുത്തുന്നു. 120 ഇനം മാവുകൾ, 600 ൽപരം നെല്ലിനങ്ങൾ, വൈവിധ്യമാർന്ന 15 തരം ചെറുധാന്യങ്ങൾ, പലതരം ചുരങ്ങ- മത്തൻ വർഗ്ഗം, പപ്പായ.... ഇങ്ങനെ പോകുന്നു സെയ്തിന്റെ ഉദ്യാനമ്യൂസിയത്തിലെ വിസ്മയങ്ങൾ... മാത്രവുമല്ല കിരുഗാവലുവിലെ തന്റെ പഴയ്വീടിന്റെ തട്ടിൻപുറം ഒരു മ്യൂസിയമാക്കി സന്ദർശകർക്കായി ഒരുക്കിവെച്ചിട്ടുണ്ട് സെയ്ത്. നെൽവിത്തുകൾ കതിരുകളായി തന്നെ പ്രദർശിപ്പിച്ചിട്ടുമുണ്ട്. സെയ്ത് തന്നെ വരച്ച കാർഷിക ഗ്രാമ്യചിത്രങ്ങൾ ചുവരുകളിൽ ആലേഖനം ചെയ്തിട്ടുണ്ട്. മണ്ണിൽ താൻ വിളയിക്കുന്ന ഈ അത്യപൂർവ്വ വിത്തുശേഖരത്തെ പുതിയ തലമുറയ്ക്കായി കരുതിവെക്കുകയും അറിവിനായി ശാസ്ത്രീയമായി ഒരുക്കുകയും ചെയ്ത ഒരു മനുഷ്യൻ! ഓരോ വർഷവും 25,000 രൂപ ചിലവിട്ടുകൊണ്ടാണ് തന്റെ വിത്തുശേഖരത്തെ സംരക്ഷിക്കാൻ മാത്രമായി ഇദ്ദേഹം കൃഷിയിറക്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്ത് നെൽവിത്തുകളുടെ ശേഖരം ഉള്ള 3 പേരിൽ ഒരാളാണ് ഘനിഖാൻ. 800 ൽപരം വിത്തിനങ്ങളുടെ ശേഖരമുള്ള ദബിൽദേവ്, 650 ൽ പരം വിത്തിനങ്ങളുടെ ശേഖരമുള്ള ഒഡീഷയിലെ സബർമതി എന്നിവരാണ് മറ്റു രണ്ടുപേർ.

പരമ്പരാഗതമായി കിട്ടിയതാണ് ഘനിഖാന് 20 ഏക്കർ കൃഷിയിടം. പരമ്പരാഗതമായി കർഷകരാണ് ഘനിഖാന്റെ കുടുംബം. പത്താംക്ലാസിൽ പഠിക്കുമ്പോൾ പിതാവ് വാതരോഗം പിടിപെട്ട് കിടപ്പിലായി. മൂത്ത മകൻ എന്ന നിലയ്ക്ക് കൃഷികാര്യങ്ങൾ നോക്കാൻ തുടങ്ങി. ബിരുദപഠനത്തിനിടെ പിതാവ് മരണപ്പെട്ടു. മ്യൂസിയോളജിയിൽ ബിരുദം പൂർത്തിയാക്കിയതിനു ശേഷം അങ്ങനെ മുഴുവൻ സമയ കർഷകനായി. ആയിടയ്ക്ക് കുവൈറ്റിൽ ജോലികിട്ടി. കൃഷിയിടം വിട്ട് പോവേണ്ട എന്ന് തീരുമാനിച്ചു.

സെയ്ത് പിതാവിന്റെ മാതൃക പിൻപറ്റി. തുടക്കത്തിൽ 4 വർഷത്തോളം രാസകൃഷിയാണ് ചെയ്തത്. നെൽപ്പാടങ്ങളിൽ കീടനാശിനി തളിച്ചപ്പോൾ ഉണ്ടായ അലർജിയും ശാരീരിക അസ്വസ്ഥതകളും ആണ് വഴിമാറ്റത്തിന് നിമിത്തമായത്. ജൈവകൃഷിയെ കുറിച്ച് ചിന്തിച്ചുതുടങ്ങി. അടുത്തൊന്നും ജൈവകൃഷി ചെയ്യുന്നവരില്ല. പത്രമാധ്യമങ്ങളിൽ ജൈവകൃഷി സംബന്ധിച്ച് വരുന്നത് ശ്രദ്ധിച്ചു. ഒടുവിൽ ജൈവ കർഷകരുടെ കൂട്ടായ്മയായ ബാംഗ്ലൂരിലെ സഹജസമൃദ്ധ എന്ന സംഘടനയിൽഅംഗമായി. 2001 മുതൽ ആ സംഘടനയുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ഏതെങ്കിലും ജൈവകൃഷിയിടത്തിൽ വെച്ച് കാർഷിക കൂട്ടായ്മ നടത്തുന്നു. വിദഗ്ദ്ധർ വന്ന് ക്ലാസുകൾ എടുക്കുന്നു. അങ്ങനെയാണ് ജൈവകൃഷിരീതികൾ മനസ്സിലാക്കാൻ സെയ്തിന് കഴിഞ്ഞത്.

വെറുതെ ഒരു ഉപജീവനത്തിന് വേണ്ടി കൃഷി ചെയ്യുകയല്ല സെയ്ത്. മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കുന്ന അമിതലാഭം ലക്ഷ്യമാക്കാത്ത, പരമ്പരാഗത വിത്തിനങ്ങളും കൃഷിരീതികളും സംരക്ഷിക്കുന്ന വിധത്തിൽ, യഥാർത്ഥ കാർഷിക സംസ്കാരത്തിന്റെ ഭാഗമായി തന്റെ ജീവിതത്തെ നിലനിർത്താനാണ് സെയ്ത് പരിശ്രമിക്കുന്നത്. അതുകൊണ്ടു തന്നെ സാധാരണ കർഷകരെപ്പോലെ തന്റെ ഉൽപന്നങ്ങൾ വിറ്റ് വരുമാനമുണ്ടാക്കി വെറുതെ ജീവിച്ചുപോകാൻ സെയ്ത തയ്യാറല്ല. നമ്മുടെ നാട്ടിലെ അന്യം നിന്നുപോവുന്ന പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കാനാണ് സെയ്തിന്റെ ശ്രദ്ധയത്രയും കൊടുക്കുന്നത്.

അടുത്തിടെ കോഴിക്കോട് നടന്ന ജൈവകർഷക സംസ്ഥാനസംഗമത്തിൽ പങ്കെടുക്കാനെത്തിയപ്പോഴാണ് സെയ്തിനെ പരിചയപ്പെടാൻ കഴിഞ്ഞത്. കണ്ട് പരിചയപ്പെട്ടപ്പോൾ തന്റെ കൃഷിയിടത്തിലേക്ക് എല്ലാവരെയും ക്ഷണിച്ചു. സെയ്തിന്റെ കൃഷിയിടം സന്ദർശിക്കണമെന്ന് അങ്ങനെ തീരുമാനിച്ചു. ഞങ്ങൾ



*തട്ടിൻപുറത്തെ നെൽവിത്തുകളുടെ ഒരു മ്യൂസിയം*

**ഓരോ വർഷവും 25,000 രൂപ ചിലവിട്ടുകൊണ്ടാണ് തന്റെ വിത്തുശേഖരത്തെ സംരക്ഷിക്കാൻ മാത്രമായി സെയ്ത് ഘനിഖാൻ കൃഷിയിറക്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്ത ഏറ്റവും കൂടുതൽ നെൽവിത്തുകളുടെ ശേഖരം ഉള്ള 3 പേരിൽ ഒരാളാണ് ഘനിഖാൻ. 800 ൽപരം വിത്തിനങ്ങളുടെ ശേഖരമുള്ള ദബിൽദേവ്, 650 ൽ പരം വിത്തിനങ്ങളുടെ ശേഖരമുള്ള ഒഡീഷയിലെ സബർമതി എന്നിവരാണ് മറ്റു രണ്ടുപേർ.**

5 പേരടങ്ങുന്ന ലിറ്റിൽ മാസിക ടീം ഇക്കഴിഞ്ഞ ജൂൺ 1 ന് മാണ്ഡ്യയിലെ കിരുഗാവലു ഗ്രാമത്തിലെത്തി. 120 ഇനം പരമ്പരാഗത മാവിനങ്ങൾ സംരക്ഷിക്കുന്ന മാന്തോട്ടത്തിലാണ് ഞങ്ങൾ ആദ്യം പ്രവേശിച്ചത്. ഓരോ മാവിലും വ്യത്യസ്തമായ രുചികളുള്ള പഴങ്ങൾ! പേനാക്കത്തിയുമായി ഓരോ മാവിൻചുവട്ടിലൂടെയും നടന്ന് ഓരോ മാമ്പഴ ഇനങ്ങളും പൂളി ഞങ്ങൾക്ക് സെയ്ത് രുചിക്കാൻ തന്നു. മാമ്പഴങ്ങളുടെ തനതായ സ്വാദ് രുചിച്ച ഞങ്ങൾ അത്ഭുതപ്പെട്ടുപോയി. നാളിതുവരെ രുചിക്കുകയോ കേട്ടുപോലുമില്ലാത്ത വ്യത്യസ്ത രുചികളിലുള്ള മാമ്പഴങ്ങൾ! ഒന്നിന് മുസമ്പിയുടെ അതേ രുചി. മറ്റൊന്നിന് ജീരകത്തിന്റെ രുചി. മറ്റൊന്ന് കണ്ടാൽ തനി ആപ്പിളിന്റെ രൂപം. എല്ലാ മാവുകളുടെയും പഴങ്ങൾ രുചിക്കണമെന്നുണ്ടായിരുന്നുവെങ്കിലും പത്തോളം മാവുകളിലുള്ള മാമ്പഴങ്ങളുടെ രുചി അറിഞ്ഞപ്പോഴേക്കും വയർ നിറഞ്ഞു.

ദുബായിലേക്ക് ഇക്കഴിഞ്ഞ സീസണിൽ പ്രദർശനത്തിനും വിൽപ്പനയ്ക്കുമായി കുറച്ച് മാമ്പഴങ്ങൾ അയച്ചിരുന്നു. ഒരു കേന്ദ്രസർക്കാർ ഏജൻസി സെയ്തിന്റെ മാവിനങ്ങളെ ഡോക്യുമെന്റ് ചെയ്തുവരികയാണ്. 250 ൽ പരം വർഷം പ്രായമായവയാണ് ഈ മാവുകൾ. ടിപ്പുസുൽത്താൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച മാവുകളുടെ വിത്തുകൾ സെയ്തിന്റെ പൂർവ്വികരടക്കമുള്ള കർഷകർക്ക് വിതരണം ചെയ്തതാണത്രേ! ടിപ്പുസുൽത്താൻ നിരത്തുകളുടെ ഇരുവശത്തും മാവുകൾ വെച്ചുപിടിപ്പിച്ചിരുന്നു. നമ്മുടെ നാട്ടിലും നിലമ്പൂർ-പെരിന്തൽമണ്ണ റോഡിലും പാലക്കാട്-കോഴിക്കോട് റോഡിലും വളർന്നു നിൽക്കുന്ന വയസ്സൻ മാവുകൾ ടിപ്പുസുൽത്താന്റെ വൃക്ഷസ്നേഹത്തിന്റെ സാക്ഷ്യമാണ്.

മാങ്ങകൾ പഴുത്തുപാകമായി എന്ന് സെയ്ത് മനസ്സിലാക്കുന്നത് പക്ഷികൾ കൂട്ടമായി തന്റെ തോട്ടത്തിലെത്തുമ്പോൾ മാത്രമാണ്. അല്ലാതെ പഴുപ്പിക്കാൻ കൃത്രിമമാർഗ്ഗങ്ങൾ അവലംബിക്കാറില്ല.

600 ൽ പരം പരമ്പരാഗത നെല്ലിനങ്ങൾ കൃഷിചെയ്യുന്നത് അകലം പാലിച്ച് നട്ട മാവിനിടയിൽ തന്നെ. ഓരോ ഇനവും 5 ചതുരശ്ര അടി വീതം സ്ഥലത്ത് കൃഷിചെയ്ത് ആകെ ഒരു ഏക്കർ സ്ഥലത്ത് ഇപ്രകാരം 600 ഇനം നെൽവിത്തുകളും കൃഷിചെയ്യുന്നു. ഏറ്റവും ചെറിയ നെൽവിത്തായ സുഗന്ധിനി, മൂന്ന് കളറിലുള്ളതും അത്യന്തം സുഗന്ധമുള്ളതുമായ തായ്ലാന്റിൽ നിന്നുള്ള തായ്ലന്റ് ജാസ്മിൻ, മൈസൂർ രാജാക്കൻമാർ ഭക്ഷണത്തിന് ഉപയോഗിച്ചിരുന്ന രാജമുടി, ഒറീസയിൽ നിന്നുള്ള റാമിഗലി തുടങ്ങിയ അപൂർവ്വ ഇനം വിത്തിനങ്ങൾ വരുംകാലത്തിന് വേണ്ടി സെയ്ത് പരിരക്ഷിക്കുന്നു. രാജ്യത്തുടനീളം നിരന്തരം സഞ്ചരിച്ചാണ് ഈ നെല്ലിനങ്ങൾ ശേഖരിച്ചത്. വ്യത്യസ്ത മൂപ്പുള്ള ഇവയെല്ലാം ഒന്നിച്ചാണ് നടുന്നത്.

ഫുക്കുവോക്കയെ കുറിച്ചും അദ്ദേഹത്തിന്റെ ജൈവ കൃഷി രീതികൾ കേട്ടിട്ടുണ്ട്; പക്ഷേ അദ്ദേഹത്തെ വായിച്ചിട്ടില്ല.

വിവിധതരം പച്ചക്കറികളും സെയ്തിന്റെ കൃഷിയിടത്തിൽ ജൈവരീതിയിൽ വിളയിക്കുന്നു. ചുരങ്ങ, കുമ്പളം, പയർ കൂടാതെ നിലക്കടല മറ്റ് ചെറുധാന്യങ്ങൾ..... പപ്പായ, പേരയ്ക്ക അങ്ങനെ നീളുന്നു സെയ്തിന്റെ കൃഷിവിഭവങ്ങൾ.

കൃഷി ലാഭകരമാണോ എന്ന ചോദ്യത്തിനുമുമ്പിൽ സെയ്ത് തന്റെ നിലപാട് വ്യക്തമാക്കുന്നു. തനിക്ക് ലാഭം മാത്രമുണ്ടാക്കാനുള്ള ഒരു തൊഴിൽ അല്ല കൃഷി. ആനന്ദത്തിനും സംതൃപ്തിക്കും കൂടി വേണ്ടിയാണ് തന്റെ കൃഷി. താൻ കൃഷി ആസ്വദിക്കുന്നു. വലിയ ലാഭം കിട്ടുന്നില്ലെങ്കിലും താൻ സംതൃപ്തിയോടെ കുടുംബം പോറ്റുന്നു. എനിക്ക് ബാങ്ക് വായ്പയോ മറ്റ് കടബാധ്യതയോ ഇല്ല. ലാഭമല്ല എന്റെ ലക്ഷ്യം. ഞങ്ങൾക്ക് നല്ല ഭക്ഷണം കഴിക്കാനാവുന്നു. മണ്ണ് രാസവസ്തുക്കൾ കൊണ്ട് മലിനമാക്കുന്നില്ല. "We are stable and comfortable".. സെയ്ത് പറഞ്ഞു നിർത്തി.

(വിലാസം: **Syed Ghanikhan, No. 213/1, K.B. Street, Kiragavalu P.O., Malavalli Taluk, Mandya Dt, Karnataka.
E-mail: muhinuha786@gmail.com
Ph: 08277396277, 09901713351)**

*അബ്ദുള്ളക്കുട്ടി എടവണ്ണ, മമ്മദ് മൊണ്ടാഷ്,ചന്ദ്രബാബു തൃക്കലങ്ങോട്,ഫിറോസ് കല്ലിടുമ്പ്,ബിജു ജോൺ എന്നിവർ കർണ്ണാടകയിലെ മാണ്ഡ്യ ജില്ലയിൽ കിരുഗാവലു ഗ്രാമത്തിലെ സെയ്ത് ഘനിഖാന്റെ കൃഷിയിടം സന്ദർശിച്ച് തയ്യാറാക്കിയത്.*
*ചിത്രങ്ങൾ-ഫിറോസ് കല്ലിടുമ്പ്*



**An article about Syed Ghani Khan ,Seed saver of SoR Karnataka in Little Magazine**

# പാഠപുസ്തകങ്ങളില്ല; മഹേഷിനും സനീഷിനും കൃഷി ജീവിതംതന്നെ

**കോഴിക്കോട്:** പഠനം തുടർന്നിരുന്നെങ്കിൽ പാലക്കാട് സ്വദേശി മഹേഷും വയനാട് സ്വദേശി സനീഷും മറ്റാരൊക്കെയോ ആകുമായിരുന്നു. അവരുടെ വീട്ടുകാരും കുടുംബക്കാരും അതുതന്നെയായിരുന്നു മോഹിച്ചതും. എന്നാൽ അവർ രണ്ടുപേരും തിരഞ്ഞെടുത്തത് മറ്റൊരു പാതയായിരുന്നു, മണ്ണിൽ പൊന്നുവിളയിക്കുന്ന കാർഷിക വൃത്തിയുടെ. രണ്ടുപേരും നാടറിയുന്ന കർഷകരാണ് ഇപ്പോൾ.

കൂലിപ്പണിക്കാരനാണ് മഹേഷിന്റെ പിതാവ്. തണൽ എന്ന സംഘടനയുമായി ബന്ധപ്പെട്ടതുമുതലാണ് മഹേഷിൽ കൃഷിക്കാരനാവാനുള്ള താത്പര്യം വളർന്നത്. കൂട്ടുകാരെ വിളിച്ചുചേർത്ത് ഒരേക്കറിൽ നെൽകൃഷി തുടങ്ങി. അത് നന്നായി നടന്നു. ഇത്തവണ അത് രണ്ട് ഏക്കറിലേക്ക് വ്യാപിപ്പിക്കാനുള്ള ശ്രമത്തിലാണ് മഹേഷ്.

സനീഷിന്റെ വീട്ടിൽ പണ്ടേ കൃഷിയുണ്ട്. അതുകൊണ്ടുതന്നെ താത്പര്യവുമുണ്ട്. പത്താം ക്ലാസ് കഴിഞ്ഞപ്പോൾ വി.എച്ച്.എസ്.സി. അഗ്രികൾച്ചറിൽ ചേർന്നു. അതിനുശേഷം കുടുംബകൃഷി സനീഷിന് ഏറ്റെടുക്കേണ്ടി വന്നു. അതാണ് ഇപ്പോഴും തുടരുന്നത്. ഒന്നര ഏക്കർ നെല്ല്, അഞ്ച്സെന്റിൽ പച്ചക്കറി എന്നിവയാണ് സനീഷിന്റെ മുഖ്യകൃഷി.



മഹേഷും സനീഷും

മഹേഷിന്റെയും സനീഷിന്റെയും കുടുംബങ്ങളിൽ പലർക്കും അവർ കൃഷി ചെയ്യുന്നതിലും കൃഷിയെ ജീവിതമാക്കി എടുക്കുന്നതിലും എതിർപ്പുണ്ട്. പക്ഷേ, അതൊന്നും ഈ രണ്ട് വിദ്യാർഥി പ്രായക്കാർ കാര്യമായി എടുക്കുന്നില്ല. തങ്ങളുടെ കൃഷിയിടങ്ങൾ വിപുലമാക്കാനും സജീവമാക്കാനുമുള്ള കഠിനാധ്വാനത്തിലാണ് ഇരുവരും. കൃത്രിമവളങ്ങൾ ഒന്നും ചേർക്കാതെത്തന്നെ.

**News about Young farmers Saneesh and Mahesh in Mathrubhoomi**

⇨ *കൃഷിയിലേക്കുള്ള കോർപ്പറേറ്റുകളുടെ പ്രവേശനത്തിന് തടസ്സം നിൽക്കുന്നത് കർഷകരാണ്* ⇨

### ജി.എം വിളകൾ, ഭൂവിനിയോഗം, കർഷക വേതനം, കോർപ്പറേറ്റ് വിപണി:

# വെല്ലുവിളികളെക്കുറിച്ച് അവർ സംസാരിക്കുന്നു

ജനിതകമാറ്റം വരുത്തിയ വിളകൾ കൃഷി ചെയ്യുന്നതിനെതിരെയുണ്ടായ ശക്തമായ എതിർപ്പുകളെത്തുടർന്ന് കേന്ദ്ര സർക്കാർ ബി.ടി. വഴുതന വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിന് 2010ൽ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അന്ന് വലിയ പ്രചരണ പരിപാടികൾ ബിടി വഴുതനയ്ക്കെതിരെ നടന്നു. ആ പരിപാടികൾക്ക് ചുക്കാൻ പിടിച്ച മൂന്ന് കൃഷി-പരിസ്ഥിതി പ്രവർത്തകർ വീണ്ടും ഒരു വട്ടമേശയ്ക്ക് ചുറ്റും ഒന്നിക്കുന്നു.

■ **ദേവീന്ദർ ശർമ്മ, ആർ. ശ്രീധർ, എസ്. ഉഷ**

**കേരളീയം:** പരമ്പരാഗത കർഷകർക്ക് കൃഷി ചെയ്യാനുള്ള സാഹചര്യം നഷ്ടമായിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും പുതു തലമുറയിലെ പലരും ഇന്ന് കൃഷിയിലേക്കെത്താൻ താത്പര്യം പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ കൃഷിക്ക് അനുകൂലമല്ലാത്ത വിധം രാഷ്ട്രീയ സാഹചര്യം മാറിയിരിക്കുന്നു. രാസകൃഷിയിൽ നിന്നും മാറാൻ കർഷകർ പലരും സന്നദ്ധരായിട്ടും ഭരണകൂടത്തിന്റെ നയത്തിൽ മാറ്റം വരുന്നില്ല. അവർ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാൻ ഇനിയും സന്നദ്ധരല്ല. ജനതികമാറ്റം വരുത്തിയ വിളകൾ പരീക്ഷിക്കുന്നതിനോടുള്ള സർക്കാറുകളുടെ എതിർപ്പിന് വീര്യം കുറയുന്നു. കാർഷിക മേഖലയിൽ ഇടപെടുന്ന ആക്ടിവിസ്റ്റുകളുടെ പ്രധാന വെല്ലുവിളി ഈ സാഹചര്യത്തെ എങ്ങനെ മറികടക്കാം എന്നതാണ്.

**ദേവീന്ദർ ശർമ്മ:** തീർച്ചയായും. രണ്ട് തരത്തിൽ അതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടത്തണം. ഒരു ആഗോള പദ്ധതിയുടെ ഭാഗമായാണ് ഇവിടെ കൃഷിയെ വേരോടെ പിഴുതെറിഞ്ഞുകൊണ്ടിരിക്കുന്നത്. കേർപ്പറേറ്റുകളുടെ കൈയിലേക്ക് കൃഷിയുടെ നിയന്ത്രണം എത്തിക്കുക എന്നതാണ് അതിന് പിന്നിലുള്ള തന്ത്രം. ലോക വ്യാപാര സംഘടനയും സ്വതന്ത്ര വ്യാപാര കരാറുകളുമുണ്ടാകുന്നതിന്റെ തുടർച്ചയായാണ് ഇത് സംഭവിക്കുന്നത്. വികസ്വര രാഷ്ട്രങ്ങളിലെ കാർഷിക രംഗത്തേക്കുള്ള കോർപ്പറേറ്റുകളുടെ പ്രവേശനത്തിന് തടസ്സമായി നിൽക്കുന്നത് കർഷകരാണ്. അതുകൊണ്ടാണ് കർഷകരെ ഏത് വിധേനെയും കൃഷിയിൽ നിന്നും പിൻവലിച്ച് കോർപ്പറേറ്റുകൾക്ക് കൃഷി കൈമാറുന്നതിനുള്ള തന്ത്രങ്ങൾ ഭരണകൂടങ്ങൾ മെനയുന്നത്. കേരളം അക്കാര്യത്തിൽ ഏറെ മുന്നിലാണ്. വ്യവസായത്തിനും റിയൽ എസ്റ്റേറ്റിനുമായി വലിയതോതിൽ കൃഷിഭൂമി വകമാറ്റിക്കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾ അക്കാര്യത്തിൽ കേരളത്തോളമെത്തിയിട്ടില്ല. എന്നാൽ എല്ലാ സർക്കാറുകളും കൃഷിയെ ഉന്മൂലനം ചെയ്യുക എന്ന തരത്തിലേക്ക് തങ്ങളുടെ നയങ്ങൾ തിരുത്തിയെഴുതിക്കഴിഞ്ഞു. ഉദാഹരണമായി ഉത്തരപ്രദേശിന്റെ കാര്യമെടുക്കാം. ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിയെ ആ



**മായാവതി സർക്കാറിന്റെ കാലത്ത് അവിടെ എട്ട് എക്സ്പ്രസ് ഹൈവേകളാണ് പണിയാൻ തീരുമാനിച്ചത്. ഹൈവേയുടെ ഓരത്തായി ടൗൺഷിപ്പുകളും പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നു. 25 ലക്ഷം ഗ്രാമീണർ കുടിയൊഴിപ്പക്കപ്പെടുന്ന തരത്തിലാണ് പദ്ധതി രൂപകല്പന ചെയ്തിരുന്നത്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കൃഷി ഇല്ലാതെയാകും**

ശ്രയിച്ച് കഴിയുന്ന സംസ്ഥാനമാണ് ഉത്തരപ്രദേശ്. ഫലഭൂയിഷ്ടമായ ഭൂമിയും സ്വന്തം ജനതയ്ക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിക്കാൻ പ്രാപ്തിയുള്ള കൃഷിയുള്ളമുള്ള സംസ്ഥാനം. മായാവതി സർക്കാരിന്റെ കാലത്ത് അവിടെ എട്ട് എക്പ്രസ് ഹൈവേകളാണ് പണിയാൻ തീരുമാനിച്ചത്. ഹൈവേയുടെ ഓരത്തായി ടൗൺഷിപ്പുകളും പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നു. 25 ലക്ഷം ഗ്രാമീണർ കുടിയൊഴിപ്പക്കപ്പെടുന്ന തരത്തിലാണ് പദ്ധതി രൂപകല്പന ചെയ്തിരുന്നത്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കൃഷി ഇല്ലാതെയാകും. സ്വന്തമായി ഭക്ഷണം ഉത്പാദിപ്പിച്ചിരുന്ന യു.പിക്ക് ധാന്യങ്ങൾ ഇറക്കുമതി ചെയ്യേണ്ട സാഹചര്യമുണ്ടാകും. കാർഷിക വ്യവസ്ഥ തകരും. രാജ്യത്തെമ്പാടും ഇത്തരത്തിലുള്ള കുടിയൊഴിപ്പിക്കലുകൾ വ്യാപകമായി നടക്കുന്നുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ച രണ്ട് തരത്തിലുള്ള പോരാട്ടങ്ങളിലേക്ക് വരാം. ഒന്ന് കാർഷിക നയരൂപീകരണത്തിൽ സിവിൽ സമൂഹം എന്ന നിലയിൽ ഇടപെടുകയും സർക്കാർ നയങ്ങളെ തിരുത്താൻ ശ്രമിക്കുകയും ചെയ്യുക. മറ്റൊന്ന് കർഷകർക്ക് മതിയായ സാമ്പത്തിക സഹായം നൽകുക. നേരിട്ട് വരുമാനം നൽകുന്ന തരത്തിൽ കർഷകരെ പിന്തുണയ്ക്കാൻ സർക്കാറിന് കഴിയണം.

**ആർ. ശ്രീധർ:** കർഷകർക്ക് കൂടുതൽ പണം നൽകുക എന്ന് താങ്കൾ പറയുന്നതിനെക്കുറിച്ച് എനിക്ക് ചില സംശയങ്ങളുണ്ട്. കൂടുതൽ സാമ്പത്തിക സഹായം കർഷകർക്ക് ലഭിക്കുന്നതുകൊണ്ട് നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ? ആസൂത്രണ കമ്മീഷൻ പറയുന്ന നിലപാടും അതുതന്നെയല്ലേ. ചില്ലറ വ്യാപാര മേഖലയിലേക്ക് വിദേശ നിക്ഷേപം കൊണ്ടുവരുക, തുറന്ന വിപണിയെ പ്രോത്സാഹിപ്പിക്കുക, കർഷകരെ കോർപ്പറേറ്റുമായുള്ള നേരിട്ടുള്ള വ്യാപാരത്തിലേക്ക് ബന്ധിപ്പിക്കുക. കർഷകർക്ക് കൂടുതൽ സാമ്പത്തിക പിന്തുണ നൽകണമെന്ന് താങ്കൾ പറയുമ്പോൾ ഇതുതന്നെയല്ലേ സംഭവിക്കുന്നത്?

**ദേവീന്ദർ:** മുമ്പ് സൂചിപ്പിച്ച ആഗോളമായ ഒരു പദ്ധതിയുടെ ഭാഗമായാണ് താങ്കൾ ഈ പറഞ്ഞ ഇക്കാര്യങ്ങൾ സംഭവിക്കുന്നത്. കൃഷിയെ കോർപ്പറേറ്റ്വത്കരിക്കുക, കമ്മ്യൂണിറ്റി ട്രേഡിംഗ് പ്രോത്സാഹിപ്പിക്കുക എന്നതെല്ലാം അങ്ങനെ സംഭവിക്കുന്നതാണ്. കോർപ്പറേറ്റ് ട്രേഡിംഗ് വ്യാപിപ്പിക്കുന്നതോടെ കൃഷി കോൺട്രാക്ട് ഫാമിംഗായി മാറും. അതിനെ എങ്ങനെ പ്രതിരോധിക്കാം എന്നതാണ് നമുക്ക് മുന്നിലുള്ള പ്രശ്നം. കർഷകരുടെ നിലവിലെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുക എന്നതാണ് അതിൽ പ്രധാനം. കൃഷി ഉപേക്ഷിച്ച് മറ്റ് തൊഴിൽ മേഖലകളിലേക്ക് അവർ കുടിയേറാതിരിക്കണമെങ്കിൽ അടിയന്തിരമായി അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തണം. കൃഷിയിലൂടെ തന്നെ കർഷകരുടെ സാമ്പത്തികാവസ്ഥ എങ്ങനെ മെച്ചപ്പെടുത്താം എന്ന് നമ്മൾ ആലോചിക്കണം. സർക്കാർ കൂടുതൽ സാമ്പത്തിക പിന്തുണ നൽകണം. അല്ലെങ്കിൽ നിലവിലെ കർഷകർ ഇനിയുമേറെക്കാലം കൃഷി തുടരുമെന്ന് തോന്നുന്നില്ല.

**എസ്. ഉഷ:** ഭൂമിയുടെ ഉപയോഗം എങ്ങനെ വേണമെന്നതിനെക്കുറിച്ച് വ്യക്തമായ പോളിസി ഇല്ലാത്ത രാജ്യമാണ് ഇന്ത്യ. കേരളത്തിനും സംസ്ഥാന തലത്തിൽ അത്തരമൊരു നയമില്ല. പണമുള്ളവർക്ക് ഭൂമി എത്രവേണമെങ്കിലും സ്വന്തമാക്കുകയോ എങ്ങനെ വേണമെങ്കിലും ഭൂമി മാറ്റിമറിക്കുകയോ ചെയ്യാം. ആറന്മുളയിലെല്ലാം അതാണ് സംഭവിച്ചത്. കൃഷിക്ക് പണം മുടക്കാൻ ആരും ത

*⇨ വലിയ തോതിൽ തൊഴിൽ നൽകുന്ന മേഖലയാണെങ്കിലും വ്യവസായങ്ങൾക്കുള്ള പരിഗണന കൃഷിക്ക് കിട്ടുന്നില്ല ⇨*

യ്യാറാകുന്നില്ല. കോർപ്പറേറ്റുകൾ തയ്യാറായിരിക്കാം. പക്ഷെ അതിന്റെ ഗുണം കർഷകർക്ക് ലഭിക്കില്ല. പരിസ്ഥിതി സംരക്ഷിക്കുന്ന മാർഗ്ഗങ്ങൾ കൂടിയാണ് കൃഷി ഇല്ലാതാകുന്നതോടെ നഷ്ടമാകുന്നത്. നീർത്തടങ്ങൾ നഷ്ടമായാൽ കുടിവെള്ളം ഇല്ലാതാകും. വെള്ളത്തിന്റെ ലഭ്യതയെ മുൻ നിർത്തി കൃഷിയെക്കുറിച്ച് സംസാരിക്കേണ്ട അവസ്ഥയാണ് കേരളത്തിലുള്ളത്. കൃഷിയിലെ വൈവിധ്യം കുറിയുന്നതും പരിസ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്. ഭൂമി സംരക്ഷിക്കുകയും ജൈവവൈവിധ്യത്തെ നിലനിർത്തുകയും ചെയ്യുന്ന കൃഷിയാണ് നമുക്ക് വേണ്ടത്. സംസ്ഥാന സർക്കാറുകൾക്ക് കൃഷിയുടെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കേന്ദ്രം കവർന്നെടുക്കുന്ന ആ അധികാരത്തെ തിരിച്ചുപിടിക്കാൻ സർക്കാറിനൊപ്പം പൊതുസമൂഹവും പങ്കാളികളാകണം.

**ശ്രീധർ:** ഭൂമിയുടെ വിഷയത്തിലേക്ക് ചർച്ചകൾ എത്തിയതുകൊണ്ട് ലാന്റ് അക്വിസിഷൻ ആന്റ് റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് ബില്ലി (Land Acquisition, Rehabilitation and Resettlement Bill - LARR) നെക്കുറിച്ചും ചർച്ച ചെയ്യേണ്ടതുണ്ടെന്ന് എനിക്ക് തോന്നുന്നു. പാർലമെന്റിന്റെ പരിഗണനയിലേക്ക് ഇനിയും എത്തിയിട്ടില്ലാത്ത ബില്ലിൽ സ്വകാര്യവ്യക്തികളുടെ കൈകളിലേക്ക് അനധികൃതമായി ഭൂമിയെത്തുന്നത് തടയുന്നതിന് ഉതകുന്ന നിബന്ധനകളൊന്നുമില്ല. കൃഷിഭൂമി വ്യാവസായിക-നഗരവത്കരണ പ്രക്രിയകൾക്കായി കൈമാറാം എന്നുതന്നെയാണ് LARRന്റെയും അന്തഃസത്ത.

